**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3098** **04-08-2021 - ൽ മറുപടിയ്ക്ക്**

**ക്രൈം ആന്റ് ക്രിമിനൽ ട്രാക്കിംഗ് നെറ്റ്‌വർക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)** | | **Shri. Pinarayi Vijayan**<br>**(മുഖ്യമന്ത്രി)** | |
| (എ) | സംസ്ഥാന പോലീസ് സംവിധാനത്തിൽ ക്രൈം ആന്റ് ക്രിമിനൽ ട്രാക്കിംഗ് നെറ്റ്‌വർക്ക് സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ ആയത് പ്രകാരമുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ; | (എ) | ക്രൈം ആന്റ് ക്രിമിനൽ ട്രാക്കിംഗ് നെറ്റ് വർക്ക് സിസ്റ്റം സംസ്ഥാന പോലീസിൽ നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് പ്രസ്തുത സംവിധാനം പ്രവർത്തന സജ്ജമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ; | (ബി) | ദേശീയ തലത്തിൽ നടപ്പിലാക്കിയിട്ടുള്ള ക്രൈം ആന്റ് ക്രിമിനൽ ട്രാക്കിംഗ് നെറ്റ് വർക്ക് സിസ്റ്റം എന്ന സംവിധാനം സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും, സബ് ഡിവിഷൻ ഓഫീസുകളിലും, ജില്ലാ പോലീസ് മേധാവിമാരുടെ ഓഫീസുകളിലും റേഞ്ച് ഓഫീസുകൾ, സോണൽ ഓഫീസുകൾ, പോലീസ് ആസ്ഥാനം എന്നിവിടങ്ങളിലും ഇതു കൂടാതെ ക്രൈം ബ്രാഞ്ച്, റെയിൽവെ പോലീസ്, എ.ടി.എസ് എന്നീ സ്പെഷ്യൽ യൂണിറ്റുകളിലും നടപ്പിലാക്കിയിട്ടുണ്ട്. |
| (സി) | പൊതുജനങ്ങൾക്ക് ഈ സംവിധാനം വഴി എന്തെങ്കിലും സേവനം ലഭ്യമാണോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ? | (സി) | ക്രൈം ആന്റ് ക്രിമിനൽ ട്രാക്കിംഗ് നെറ്റ് വർക്ക് സിസ്റ്റം ആപ്ലിക്കേഷന്റെ ഭാഗമായ സിറ്റിസൺ സർവ്വീസ് ആയ 'തുണ' എന്ന ആപ്ലിക്കേഷൻ മുഖാന്തിരം പൊതുജനങ്ങൾക്ക് താഴെപ്പറയുന്ന സർവ്വീസുകൾ ഓൺലൈൻ ആയി ലഭിക്കുന്നതാണ്. 1. പെറ്റിഷൻ രജിസ്ട്രേഷൻ 2. പെറ്റിഷൻ സ്റ്റാറ്റസ് 3. എഫ്.ഐ.ആർ കോപ്പി 4. ആക്സിഡന്റ് ജി.ഡി കോപ്പി 5. അറസ്റ്റ് ആന്റ് വാണ്ടഡ് ക്രിമിനൽ ഡീറ്റെയിൽസ് 6. ഡീറ്റെയിൽസ് ഓഫ് മിസ്സിംഗ് പേഴ്സൺ 7. ആട്ടോ മൊബൈൽ എൻക്വയറി 8. നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് റിക്വസ്റ്റ് 9. വെരിഫിക്കേഷൻ റിക്വസ്റ്റ് 10. മൈക്ക് സാങ്ഷൻ റിക്വസ്റ്റ് 11. സിറ്റിസൺ ടിപ്പ് 12. ഓൺലൈൻ ലൈബ്രറി |

സെക്ഷൻ ഓഫീസർ